# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4468 28.06.2012 - ൽ മറുപടിക്ക്**

## സംസ്ഥാന റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി കെ. എസ്. സലീഖ :** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന റോഡുകളുടെ പട്ടിക തയ്യാറാക്കിയോ ; എങ്കിൽ എത്ര കിലോമീറ്റർ റോഡുകളുടെ പട്ടികയാണ് തയ്യാറാക്കിയത് ; വ്യക്തമാക്കുമോ ; | (എ) സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന 1204 കി.മീ. ദൈർഘ്യത്തിലുള്ള റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത റോഡുകൾ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ് ; തിരഞ്ഞെടുക്കുവാൻ ഏത് ഏജൻസിയെയാണ് നിയമിച്ചത് ; പ്രസ്തുത ഏജൻസിയുടെ ആസ്ഥാനം എവിടെയാണ് ; ഇതിലേയ്ക്കായി ചെലവഴിച്ച തുക എത്ര ; വിശദമാക്കുമോ ; | (ബി) ശാസ്ത്രീയമായ പഠനത്തിലൂടെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി റോഡുകൾ തെരഞ്ഞെടുക്കുന്നത്. റോഡുകളിലെ ഗതാഗത ബാഹുല്യം, ദേശീയപാതയും മറ്റു പ്രധാന റോഡുമായുള്ള ബന്ധം, റോഡുകൾ കടന്ന് പോകുന്ന പ്രദേശങ്ങളുടെ കാർഷിക, വ്യാവസായിക, വിനോദ സഞ്ചാര പ്രാധാന്യം മുതലായ മാനദണ്ഡങ്ങൾ ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ബാംഗ്ലൂർ ആസ്ഥാനമായ വിൽബർസ്മിത്ത് |

അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെയാണ് ഇതിന്റെ പഠനത്തിനായി നിയോഗി - ച്ചിരുന്നത്. ഇതിലേക്കായി സർവ്വീസ് നികുതി ഉൾപ്പെടെ 88,65,764/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

(സി) എത്ര പാക്കേജായിട്ടാണ് ഇത്തരം റോഡുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; ഓരോ പാക്കേ- ജിലും എത്ര റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; പ്രസ്തുത പാക്കേജിന്റെ ഘടന എന്താണെന്നും റോഡ് വികസന- ത്തിനായി എപ്രകാരമാണ് തുക കണ്ടെത്താൻ ഉദ്ദേശിക്കുന്ന- തെന്നും വ്യക്തമാക്കുമോ ;

(സി) വിൽബർസ്മിത്ത് അസോസി - യേറ്റ്സ് തയ്യാറാക്കിയ ടെക്നിക്കൽ റിപ്പോർട്ട് പ്രകാരം 'റീഹാബിലിറ്റേഷൻ', 'അപ്ഗ്ര- ഡേഷൻ' എന്നീ രണ്ടു പാക്കേജുകളിലായി 1204 കി.മീ. ദൈർഘ്യമുള്ള 62 റോഡുകൾ നവീകരിക്കുവാനാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. റീഹാബി- ലിറ്റേഷൻ പാക്കേജിലെ ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത 551 കി.മീ. ദൈർഘ്യമുള്ള 28 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാനും മാസങ്ങൾക്കുള്ളിൽ തുടങ്ങു - ന്നതാണ്. 'അപ്ഗ്രഡേഷൻ' പാക്കേജിൽ ഉൾപ്പെടുത്തി - യിട്ടുള്ളതും ചെറിയ തോതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യ - മുള്ളതുമായ 653 കി.മീ. ദൈർഘ്യമുള്ള 34 റോഡുകളുടെ വികസനത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കേണ്ടതുണ്ട്. അതി - നുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് ഉൾപ്പെ - ടെയുള്ള ധനകാര്യ സ്ഥാപന- ങ്ങളിൽ നിന്ന് വായ്പയെടു- ത്തുമാണ് പദ്ധതി നടപ്പിലാക്കു- വാൻ ഉദ്ദേശിക്കുന്നത്. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നും ധനസഹായം ലഭ്യമാക്കുന്ന - തിനായി പദ്ധതിയുടെ കരട് റിപ്പോർട്ട് കേന്ദ്ര ധനകാര്യ

| | | | |
|---|---|---|---|
| | | | മന്ത്രാലയത്തിന്റെ ശുപാർശ - ക്കായി സമർപ്പിച്ചിരിക്കുകയാണ്. |
| (ഡി) | ഇത്തരം റോഡുകളിൽ നിന്നും ടോൾ പിരിക്കുവാൻ ഉദ്ദേശ- മുണ്ടോ ; വിശദമാക്കുമോ ? | (ഡി) | ഇത്തരം റോഡുകളിൽ ടോൾ പിരിക്കുവാൻ ഉദ്ദേശമില്ല. പൊതു സ്വകാര്യ പങ്കാളിത്തത്തോട് കൂടി ബി. ഒ. റ്റി - ആന്വിറ്റി വ്യവസ്ഥയിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന - തിനാൽ ടോൾ പിരിവ് വേണ്ടിവരില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്